RR 4

**8640**

...TOR GENERAL OF ... 8 APR 2008

**ലാന്റ് റവന്യൂ കമ്മീഷണറുടെ നടപടിക്രമം**
**( ഹാജർ: ഡോ. കെ.എം. രാമാനന്ദൻ. ഐ.എ.എസ്. )**
( പബ്ലിക് ആഫീസ് ബിൽഡിംഗ്, മ്യൂസിയം ജംഗ്ഷൻ. തിരുവനന്തപുരം-33 )

നം. എൽ.ആർ.എ3-2352/07 തിയതി 20-03-2008

വിഷയം:- കേരള മുദ്രപത്ര നിയമം-54(1) പ്രകാരം ഉളിയിൽ സബ്‌രജിസ്ട്രാർ ഓഫീസിലെ P1/06നമ്പർ ബന്ധവസ്സാധാരത്തിന്മേൽ കണ്ണൂർ ജില്ലാ രജിസ്ട്രാർ ജനറൽ പുറപ്പെടുവിച്ച ഉത്തരവിനെതിരായ അപ്പീൽ ഹർജി - ~~സംബന്ധിച്ച്~~ ഉത്തരവ്

സൂചന:- 3.1.07-ൽ ശ്രീമതി ശാന്ത അമ്മ സമർപ്പിച്ച അപ്പീൽ ഹർജി

**ഉളിയിൽ സബ് രജിസ്ട്രാർ ആഫീസിലെ പി1/06 നമ്പർ ബന്ധവസ്സാധാരത്തിനു 9250/-രൂപ മുദ്രസലയും 100/-രൂപ പിഴയും അടയ്ക്കണമെന്ന് കണ്ണൂർ ജില്ലാ രജിസ്ട്രാർ ജനറൽ പുറപ്പെടുവിച്ച 3.11.06 ലെ ജി-6335/06 നമ്പർ ഉത്തരവിനെതിരെ ശ്രീമതി ശാന്ത അമ്മ സമർപ്പിച്ചിട്ടുള്ളതാണ് അപ്പീൽ ഹർജി**

490000/-രൂപയുടെ ഒട്ടുസലയും, 205000/-രൂപയുടെ വിഭാഗസലയുമുള്ള ഒരു ഭാഗപത്ര ആധാരമായാണ് പ്രസ്തുത ബന്ധവസ്സാധാരം ചമച്ചിട്ടുള്ളത്. കേരള മുദ്രപത്രനിയമം ആർട്ടിക്കിൾ 42(1)പ്പെടുന്ന ഭാഗപത്രാധാരത്തിനു വിഭാഗസലയുടെ 5% മുദ്രസല ഈടാക്കാൻ 12-ാം കേരള നിയമസഭയിൽ 2006-ലെ ഫിനാൻസ് ബില്ലിൽ പാസ്സായിട്ടുണ്ടെന്നും, ആയതിനാൽ 490000/- രൂപ ഒട്ടുസലയും, 205000/-രൂപ വിഭാഗസലയുമുള്ള ഈ ആധാരത്തിനു 10250/-രൂപയുടെ മുദ്രസല ഈടാക്കേണ്ടതാണെന്നും കക്ഷി അടച്ച 1000/ രൂപ കഴിച്ചു ബാക്കി 9250/ രൂപ മുദ്രസലയും100 രൂപ പിഴയും ഈടാക്കേണ്ടതാണെന്നും കണ്ണൂർ ജില്ലാ രജിസ്ട്രാർ ജനറലും, 2006-ലെ 11-ാം നിയമസഭാസമ്മേളനത്തിലെ 555-ാം നമ്പർ ധനകാര്യബില്ല് പ്രകാരമാണ് കേരള മുദ്രപത്രനിയമം ഷെഡ്യൂൾ ആർട്ടിക്കിൾ 42(1)പ്രകാരം ഭാഗപത്രാധാരത്തിന് വിഭാഗസലയുടെ 5% മുദ്രസല ഈടാക്കേണ്ടതാണെന്നുള്ളത് 1.4.06 മുതൽ പരമാവധി 1000/-രൂപയാക്കിയിരുന്നതെന്നും, 29.6.06 ലെ 12-ാം നിയമസഭാസമ്മേളനത്തിൽ 12-ാം നമ്പരായി മറ്റൊരു ധനകാര്യ ബിൽ അവതരിപ്പിച്ചതായും, ആയതിൽ കേരളമുദ്രപത്രനിയമം 42(1) പ്രകാരം ഭാഗപത്രാധാരത്തിനു പരമാവധി മുദ്രസല 1000/- രൂപയെന്നതിനെപ്പറ്റി പരാമർശമൊന്നും ഉണ്ടായിരുന്നില്ലെന്നും, മേൽ സാഹചര്യത്തിൽ, ഭാഗപത്രാധാരത്തിനു പരമാവധി മുദ്രസല 1000/- രൂപയെന്നത് എത്രകാലം വരെ പ്രാബല്യത്തിലുണ്ടാകും, എന്നതിനെപ്പറ്റി ആരാഞ്ഞതിൽ, ഇൻഡ്യൻ ഭരണ

ഘടനയിലെ ആർട്ടിക്കിൾ 196-ലെ ക്ലോസ് (5) പ്രകാരം സംസ്ഥാന നിയമസഭയിൽ പെൻഡിംഗിലുള്ള ബില്ലോ, അല്ലെങ്കിൽ നിയമസഭയിൽ പാസ്സാക്കിയിട്ടുള്ളതും നിയമസഭാകൗൺസിലിൽ പെൻഡിംഗിലുള്ളതോ ആയ ബിൽ നിയമസഭ പിരിച്ചുവിടുന്നതോടെ ലാപ്സാകുമെന്നും, പതിനൊന്നാം നിയമസഭ 12.5.06-ൽ പിരിച്ചുവിട്ടതിനാൽ ഭാഗപത്രാധാരത്തിന് പരമാവധി മുദ്രവില 1000/- രൂപയെന്നത് പതിനൊന്നാം നിയമസഭയിൽ ബില്ല് അവതരിപ്പിച്ച 1.4.06 മുതൽ നിയമസഭ പിരിച്ചുവിട്ട 12.5.06 വരെയുള്ള കാലയളവിൽ മാത്രം ബാധകമായിരുന്നുവെന്നും, 30.6.06-ൽ എഴുതിപ്പെടുത്തിയ ആധാരത്തിന് കേരള മുദ്രപത്രനിയമം ആർട്ടിക്കിൾ 42(1)പ്രകാരം വിഭാഗവിലയുടെ 5% മുദ്രവില ആവശ്യമാണെന്ന് രജിസ്ട്രേഷൻ ഇൻസ്പെക്ടർ ജനറൽ അഭിപ്രായപ്പെട്ടിരിക്കുന്നു.

അപ്പീൽ പരാതി പരിശോധിച്ചതിൽ 29.6.06-ൽ 2006-ലെ ധനകാര്യബിൽ അവതരിപ്പിച്ചതുകൊണ്ട് മാത്രം അന്നുമുതൽ അത് പ്രാബല്യത്തിലവരില്ലെന്നും പ്രസ്തുത ബിൽ പാസാക്കുന്ന തീയതി മുതലേ അത് പ്രാബല്യത്തിൽ വരുകയെന്നും, 30.6.06-ൽ എഴുതി ഒപ്പിട്ട ആധാരം രജിസ്റ്റർ ചെയ്യുന്ന സമയത്ത് ധനകാര്യബിൽ പാസ്സാക്കിയതിനെക്കുറിച്ചു സബ് രജിസ്റ്റർ ഓഫീസിൽ നിന്നും അറിവൊന്നും ലഭിച്ചിരുന്നില്ലെന്നും വാദിച്ചിരിയ്ക്കുന്നു.

ബന്ധപ്പെട്ടആധാരം പരിശോധിച്ചതിൽ 30.6.06-ൽ എഴുതി ഒപ്പിട്ടുള്ളതും കേരള മുദ്രപത്രനിയമംആർട്ടിക്കിൾ 42 (1)-ൽപ്പെടുന്നതുമായ ഭാഗപത്രാധാരമാണെന്ന് കാണുന്നു.

ഭാഗപത്രത്തിന് കേരളമുദ്രപത്രനിയമം ഷെഡ്യൂൾ ആർട്ടിക്കിൾ 42(1)പ്രകാരം വസ്തുവിന്റെ വേർതിരിക്കപ്പെട്ട ഓഹരിയുടെയോ, ഓഹരികളുടെയോ, മൂല്യത്തുകയ്ക്കുള്ള ഒരു കടപത്ര പണയാധാരത്തിനെന്നപോലെയുള്ള മുദ്രവില ആവശ്യമാണെന്ന് കാണുന്നു. അതായത് വിഭാഗവിലയുടെ 5%, 1.4.06-ലെ 11-ാം നിയമസഭാ സമ്മേളനത്തിലെ ധനകാര്യബില്ല് പ്രകാരമാണ് ഭാഗപത്രാധാരത്തിന് വിഭാഗവിലയുടെ 5% എന്നത് പരമാവധി 1000/- രൂപയെന്ന് നിജപ്പെടുത്തിയിരിക്കുന്നത്. ഇൻഡ്യൻ ഭരണഘടനയിലെ ആർട്ടിക്കിൾ 196-ലെ ഭാഗം(5) പ്രകാരം സംസ്ഥാന നിയമസഭയിൽ പെൻഡിംഗിലുള്ളതോ, അല്ലെങ്കിൽ നിയമസഭയിൽ പാസ്സാക്കിയിട്ടുള്ളതും എന്നാൽ നിയമസഭാ കൗൺസിലിൽ പെൻഡിംഗിലുള്ളതോ ആയ ബിൽ നിയമസഭ പിരിച്ചുവിടുന്നതോടെ ലാപ്സാകുമെന്ന് പരാമർശിച്ചിരിക്കുന്നു. ഇതിൽ നിന്നും

ഭാഗപത്രാധാരത്തിനു് പരമാവധി 1000/- രൂപ മുദ്രവിലയെന്നത് പതിനൊന്നാം നിയമസഭയിൽ ബില്ല് അവതരിപ്പിച്ച 1.4.06 മുതൽ നിയമസഭ പിരിച്ചുവിട്ട 12.5.06 വരെയുള്ള കാലാവധിയിൽ മാത്രമേ ബാധകമാകുവെന്നു് കാണുന്നു. എന്നാൽ ഇതു സംബന്ധിച്ചു് രജിസ്ട്രേഷൻ ഇൻസ്പെക്ടർ ജനറൽ 30.6.06-ൽ എല്ലാ ജില്ലാ രജിസ്ട്രാർ ജനറൽ മാർക്കും നല്കിയ RR4-2975/06 നമ്പർ കത്തിൽ 29.6.06 മുതലാണ് ഭാഗപത്രാധാരത്തിന് വിഭാഗവിലയുടെ 5% മുദ്രവില അടയ്ക്കണമെന്നത് പ്രാബല്യത്തിൽ വരുന്നത് എന്നു് പരാമർശിച്ചിരിയ്ക്കുന്നു. എന്നിരുന്നാലും 30.6.06-ൽ എഴുതി ഒപ്പിട്ട ആധാരമായതിനാൽ പരമാവധി 1000/- രൂപയെന്നത് ബാധകവുമായില്ല.

മേൽ വസ്തുതകളുടെ അടിസ്ഥാനത്തിൽ 30.6.06-ൽ എഴുതി ഒപ്പിട്ട ബന്തവസ്സാധാരത്തിനു് കേരള മുദ്രവിലപത്രനിയമം ആർട്ടിക്കിൾ 42(1) പ്രകാരം വിഭാഗവിലയുടെ 5% മുദ്രവില അടയ്ക്കേണ്ട കരണമാണ് ബന്തവസ്സാധാരം എന്നു് കാണുന്നു.

20-02-2008 ന് മൂന്ന് മണിക്ക് നിശ്ചയിച്ചിരുന്ന വിചാരണയിൽ കക്ഷികൾ ആരും തന്നെ ഹാജരായില്ല. മേൽ വസ്തുതകളുടെ അടിസ്ഥാനത്തിലും വിചാരണയ്ക്ക് കക്ഷികളാരും തന്നെ ഹാജരാകാത്തതിനാലും അപ്പീൽ തള്ളി ഉത്തരവാകുന്നു.

ഒപ്പ്
കമ്മീഷണർ

1. നിട്ടൂർ വീട്ടിൽ [illegible],
കോളാരി അംശം, മരുതായി ദേശം,
പൊറോറ. പി. ഒ., തലശ്ശേരി, കണ്ണൂർ

2. രജിസ്ട്രേഷൻ ഇൻസ്പെക്ടർ ജനറൽ, തിരുവനന്തപുരം

ഉത്തരവിൻ പ്രകാരം

സൂപ്രണ്ട്